"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ പൊതുവിദ്യാഭാസ വകുപ്പ് നടപ്പാക്കുന്ന സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള പഠന പരിപാടി - 'ഫസ്റ്റ് ബെൽ' - എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1128/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 12/06/2020

---

പരാമർശം:- 1 സ.ഉ.(സാധാ) നം. 1756/2020/പൊ.വി.വ., തീയതി 29.05.2020

2 KITE/2020/1515-6(2) നമ്പർ സർക്കുലർ. തീയതി 02.06.2020

**ഉത്തരവ്**

കോവിഡ് 19 രോഗബാധയുടെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യത്തിൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് പാഠ്യ-ബോധന പരിപാടി നടപ്പാക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. 'ഫസ്റ്റ് ബെൽ' എന്ന പേരിൽ നിലവിൽ തുടങ്ങിയിട്ടുള്ള പ്രസ്തുത പദ്ധതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കുന്ന പാഠഭാഗങ്ങൾ വെബ്സൈറ്റ്, കൈറ്റ് വിക്ടേഴ്സ് ചാനൽ, സാമൂഹ്യ മാധ്യമങ്ങൾ എന്നിവയിലൂടെ നിശ്ചിത സമയത്ത് സംപ്രേഷണം ചെയ്യപ്പെടുന്നുണ്ട്. ടി.വി. ചാനൽ വഴിയും ഇന്റർനെറ്റ് വഴിയും വിദ്യാർഥികൾ പാഠഭാഗങ്ങൾ കാണുവാനാണ് ഇതുവഴി ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ സ്വന്തമായി ടെലിവിഷനോ ഇന്റർനെറ്റ് ഉപയോഗത്തിനുള്ള സംവിധാനങ്ങളോ ഇല്ലാത്തത്കൊണ്ട് ഒരു വിദ്യാർത്ഥിക്കും പാഠഭാഗങ്ങൾ ലഭിക്കുന്നതിനുള്ള അവസരം നഷ്ടപ്പെടാതിരിക്കാൻ പ്രത്യേക ശ്രദ്ധ കൊടുക്കേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ വിഭാഗത്തിലും ഉൾപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസാവകാശം ഉറപ്പുവരുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു.

2. 'ഫസ്റ്റ് ബെൽ' പരിപാടി ഉപയോഗപ്പെടുത്തുന്നതിന് ഓരോ സ്കൂളിലെയും കുട്ടികൾക്കുള്ള സൗകര്യ ലഭ്യത, കുട്ടികളുമായി സംസാരിച്ച് അധ്യാപകർ മനസ്സിലാക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. ഇപ്രകാരം സൗകര്യം ലഭ്യമല്ലാത്ത കുട്ടികളുടെ മേൽവിലാസമടക്കമുള്ള പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പരിധിയിലുള്ള സ്കൂളുകളുടെ ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ്സ്/ പ്രിൻസിപ്പൽ എന്നിവർ മുഖേന ശേഖരിക്കണം. മേൽ പട്ടികയിൽ നിന്നും സൗകര്യം ലഭ്യമല്ലാത്ത കുട്ടികളുടെ താമസസ്ഥലം അടിസ്ഥാനമാക്കിയുള്ള പുതിയ പട്ടിക ക്രോഡീകരിച്ചതിന് ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷൻ / അധ്യക്ഷ, ആരോഗ്യ -

വിദ്യാഭ്യാസ / വിദ്യാഭ്യാസ - കലാകായിക സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ, സ്കൂൾഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ്സ്/ പ്രിൻസിപ്പൽ, വാർഡ് മെമ്പർ/ കൗൺസിലർ എന്നിവർ ചേർന്ന് പരിശോധിച്ച് ആയതിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

2.1 പഠന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾ, അങ്കണവാടികൾ കമ്മ്യൂണിറ്റി ഹാളുകൾ എന്നിവ ഉപയോഗിക്കാവുന്നതാണ്. സെറ്റിൽമെന്റുകളിലും കോളനികളിലും താമസിക്കുന്ന കുട്ടികൾക്ക് അവയുടെ പരിധിക്കുള്ളിൽ തന്നെ പഠനകേന്ദ്രം തയ്യാറാക്കാൻ ശ്രമിക്കേണ്ടതാണ്. പൊതുവിൽ സാധ്യമായത്ര സമീപത്ത് തന്നെ കുട്ടികൾക്ക് സൗകര്യം ഒരുക്കാനാണ് മുൻഗണന നൽകേണ്ടത്.
പഠനമുറി ഒരുക്കുന്നതിന് കേബിൾ സൗകര്യത്തോടുകൂടിയുള്ള ടെലിവിഷൻ സെറ്റ്, ഇന്റർനെറ്റ് സൗകര്യത്തോട് കൂടിയുള്ള കമ്പ്യൂട്ടർ എന്നിവ ഉപയോഗിക്കാവുന്നതാണ്.

2.2 'ഹൈടെക് സ്കൂൾ', 'ഹൈടെക് ലാബ്' പദ്ധതികളുടെ ഭാഗമായി സ്കൂളുകളിൽ ലഭ്യമാക്കിയിട്ടുള്ള ഉപകരണങ്ങൾ പഠന സൗകര്യം തയ്യാറാക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്. തദ്ദേശസ്ഥാപനം തിരിച്ചുള്ള സ്കൂളുകളുടെ പട്ടികയും അവിടെ ലഭ്യമായിട്ടുള്ള ഉപകരണങ്ങളുടെ ലിസ്റ്റും www.sametham.kite.kerala.gov.in എന്ന വെബ്സൈറ്റിൽ 'HiTech Schools' എന്ന ലിങ്ക് വഴി ലഭിക്കുന്നതാണ്. പഠനമുറി ഒരുക്കാൻ ഉപയോഗിക്കുന്ന പ്രസ്തുത ഉപകരണങ്ങളുടെ വിവരങ്ങൾ തദ്ദേശസ്ഥാപനങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. സ്കൂളുകൾ സാധാരണ നിലയിൽ പ്രവർത്തനം ആരംഭിക്കുമ്പോൾ ഉപകരണങ്ങൾ കേടുപാട് കൂടാതെ കൃത്യമായും സ്കൂളുകളിൽ തിരിച്ചേൽപ്പിച്ച് തദ്ദേശസ്ഥാപനം രസീത് കൈപ്പറ്റേണ്ടതുമാണ്.

2.3 ടെലിവിഷനും കേബിളും ഉപയോഗിച്ചാണ് പഠനകേന്ദ്രങ്ങൾ ഒരുക്കുന്നതെങ്കിൽ അതിനാവശ്യമായ ടെലിവിഷൻ സെറ്റിന്റെ 75% തുക പൊതുമേഖല സ്ഥാപനമായ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (കെ.എസ്.എഫ്.ഇ.) നൽകുന്നതാണ്. പരമാവധി 10000 രൂപയാണ് അങ്ങനെ ലഭ്യമാക്കാവുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭരണസമിതി തീരുമാനവും സാമ്പത്തിക സഹായത്തിനുള്ള അപേക്ഷയും അതിനായി കെ.എസ്.എഫ്.ഇ. ശാഖയിൽ എത്തിക്കേണ്ടതാണ്. ടെലിവിഷൻ സെറ്റിന്റെ വിലയുടെ 25% ശതമാനം തുകയും കേബിൾ സൗകര്യത്തിനുള്ള പണവും തദ്ദേശസ്വയംഭരണ സ്ഥാപനം സ്പോൺസർഷിപ്പിലൂടെ കണ്ടെത്തേണ്ടതാണ്.

2.4 പഠന മുറികൾ തയ്യാറായിക്കഴിഞ്ഞാൽ അവയുടെ ശരിയായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും കുട്ടികളുമായി സമ്പർക്കം പുലർത്തി അവരെ, ഒരുക്കിയിട്ടുള്ള പഠന സൗകര്യം ഉപയോഗപ്പെടുത്താൻ പ്രേരിപ്പിക്കുന്നതിനുമുള്ള ചുമതല പ്രദേശത്തെ എസ്.സി. പ്രൊമോട്ടർ, എസ്.റ്റി. പ്രൊമോട്ടർ സാക്ഷരതാ പ്രേരക്, വോളണ്ടിയർമാർ എന്നിവരിൽ ഒരാളെ വീതം ഏല്പിക്കാവുന്നതാണ്. ചുമതലക്കാർക്ക് സ്കൂൾ പി.ടി.എ.-യുടെ നേതൃത്വത്തിൽ പരിശീലനം ഉറപ്പുവരുത്തേണ്ടതാണ്.

2.5 ഓരോ സ്കൂളിലെയും ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ്സ്/ പ്രിൻസിപ്പൽ പി.ടി.എ. എന്നിവരുടെ നേതൃത്വത്തിൽ ക്ലാസ് ടീച്ചറുടെ ചുമതലയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്. കുട്ടികളുടെ സ്ഥിരമായ പങ്കാളിത്തം ഇക്കാര്യത്തിൽ അനിവാര്യമാണ്.

2.6 വൈദ്യുതി ബന്ധമടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകാത്തയിടങ്ങളിൽ ബാറ്ററി ഉൾപ്പെടെയുള്ള സാങ്കേതിക സംവിധാനം ഒരുക്കി പഠനമുറി തയ്യാറാക്കേണ്ടതുണ്ട്. ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ, ഏജൻസികൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ ഏകോപനത്തിലൂടെ അത് സാധ്യമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കണം.

2.7 അവസരം ലഭ്യമാകാത്ത കുട്ടികളെ പഠനമുറിയുമായി ബന്ധപ്പെടുത്തുമ്പോൾ പട്ടിക ജാതി സെറ്റിൽമെന്റുകളിലും ഒറ്റപ്പെട്ടും താമസിക്കുന്ന പട്ടികജാതി - പട്ടികവർഗ്ഗ കുടുബാംഗങ്ങൾ, ഒറ്റപ്പെട്ട കുടുംബങ്ങൾ, ആശ്രയ ഗുണഭോക്താക്കളുടെ വീടുകൾ, മത്സ്യത്തൊഴിലാളി കുടുംബങ്ങൾ, ലക്ഷം വീട് കോളനികൾ, ചേരി പ്രദേശങ്ങൾ, അഗതി കുടുംബങ്ങൾ , എന്നിവയിൽ നിന്നുള്ള കുട്ടികളെ പ്രത്യേകമായി പരിഗണിക്കേണ്ടതാണ്.

2.8 തമിഴ്, കന്നട ഭാഷകളിൽ പഠിക്കുന്ന കുട്ടികൾക്ക് അതത് ഭാഷയിൽ തയ്യാറാക്കുന്ന

പഠന ക്ലാസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആ ഭാഷകളിൽ പഠിക്കുന്ന കുട്ടികളിൽ സ്വന്തമായി സൗകര്യമില്ലാത്തവരെ പഠന കേന്ദ്രങ്ങളിൽ എത്തിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

2.9 സ്പെഷ്യൽ സ്കൂളുകളിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കുന്ന പ്രത്യേക പഠന പദ്ധതി ആ വിഭാഗത്തിൽപ്പെട്ട എല്ലാ കുട്ടികൾക്കും ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തണം.

3. മേൽ പറഞ്ഞ പ്രവർത്തനങ്ങളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള ഒരു കുട്ടിയ്ക്കു പോലും അവകാശപ്പെട്ട പഠനസൗകര്യം നിഷേധിക്കപ്പെടുന്നില്ല എന്ന് എല്ലാ തദ്ദേശസ്ഥാപനങ്ങളും ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ, കില, തൃശ്ശൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പൊതുവിദ്യാഭ്യാസ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2020.06.15 11:06:21 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എ.യ്ക്ക്